**Sacred Heart Knanaya Catholic Church**
**611 Maple St., Maywood, IL 60153**
**St. Mary's Knanaya Catholic Church**
**7800 W. Lyons St., Morton Grove, IL 60053**
Parish website: www.knanayaregion.us/chicago
Bulletins: www.knanayaregion.us/chicago/bulletin.htm

# CHICAGO KNANAYA CATHOLIC PARISH BULLETIN

**Volume 7, Issue 42, July 8, 2012**



## സേക്രഡ് ഹാർട്ടിൽ മാർത്തോമ്മാ സ്ലീഹായുടെ തിരുനാൾ

ജൂലൈ 8 ഞായർ രാവിലെ 10:00ന്
പ്രസുദേന്തി: ജോബി ഓളിയിൽ

**FEAST CELEBRTAION OF ST. THOMAS THE APOSTLE**

**At Sacred Heart on Sunday, July 8th at 10:00 A.M.**
**Sponsored by Joby Oliyil.**

## ADORATION & SEMINAR FOR YOUTH AT ST. MARY'S

- ☑ **One hour adoration for children (5th grade and up), and for youth will be held after 6:00 P.M. Holy Mass at St. Mary's on Friday, July 13th. Night Vigil for adults will continue in the church.**
- ☑ **Seminar will be held for children and youth (above age group) in the basement after the adoration on current topics of interest.**




# പുരോഹിതനോട് പാപം ഏറ്റുപറയുന്നതെന്തിന്?

***പാപം ഏറ്റുപറയേണ്ടത് ഒരു ആവശ്യമാണോ? പാപങ്ങൾ ഏറ്റുപറയണമെന്ന് വചനം പഠിപ്പിക്കുന്നുണ്ടോ?***

തീർച്ചയായും. "എന്നാൽ, നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്നു നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും" (യോഹ. 1:9). "നിന്റെ ദൈവമായ കർത്താവിനോട് നീ മറുതലിച്ചു. പച്ചമരങ്ങളുടെ കീഴിൽ അന്യദേവന്മാർക്കു നിന്നെത്തന്നെ കാഴ്ചവച്ചു; നീ എന്നെ അനുസരിച്ചില്ല. ഈ കുറ്റങ്ങൾ നീ ഏറ്റുപറഞ്ഞാൽ മതി - കർത്താവ് അരുളിച്ചെയ്യുന്നു" (ജെറ. 3:13). പാപം ചെയ്തു പോയാൽ അതിൽതന്നെ വസിക്കുന്നതിനു പകരം അവ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം.

***പാപങ്ങൾ ഏറ്റുപറഞ്ഞില്ലെങ്കിൽ എന്താ കുഴപ്പം?***

പാപങ്ങളേറ്റു പറയുന്നത് ആത്മാവിനു മാത്രമല്ല ശരീരത്തിനും മനസ്സിനും ഗുണകരമാണ്. "ഞാൻ പാപങ്ങൾ ഏറ്റുപറയാതിരുന്നപ്പോൾ ദിവസം മുഴുവൻ കരഞ്ഞ് എന്റെ ശരീരം ക്ഷയിച്ചുപോയി" (സങ്കീ. 32:3). "എന്റെ പാപം അവിടുത്തോടു ഞാൻ ഏറ്റുപറഞ്ഞു; എന്റെ അകൃത്യം ഞാൻ മറച്ചുവച്ചില്ല; എന്റെ അതിക്രമങ്ങൾ കർത്താവിനോടു ഞാൻ പറയും. എന്നു ഞാൻ പറഞ്ഞു; അപ്പോൾ എന്റെ പാപം അവിടുന്നു ക്ഷമിച്ചു" (സങ്കീ. 32:5).



***പാപം ഏറ്റുപറയുന്നതിന് പുതിയനിയമത്തിൽ മാതൃകകൾ വല്ലതുമുണ്ടോ?***

ജനം പാപങ്ങളേറ്റു പറഞ്ഞുവെന്ന് തിരുവചനം സാക്ഷ്യപ്പെടുത്തുന്നു. "അവർ പാപങ്ങളേറ്റുപറഞ്ഞ് യോർദ്ദാൻ നദിയിൽ വച്ച് അവനിൽ (യോഹന്നാൻ മാംദാന) നിന്നു സ്നാനം സ്വീകരിച്ചു" (മത്താ. 3:6). ഇവിടെ മനുഷ്യനായ യോഹന്നാനോടല്ലേ ജനം പാപങ്ങളേറ്റു പറയുന്നത്. "കൂടാതെ, വിശ്വാസം സ്വീകരിച്ച പലരും വന്ന്, തങ്ങളുടെ ദുർനടപടികൾ ഏറ്റുപറഞ്ഞ്, കുറ്റം സമ്മതിച്ചു"(ശ്ലീഹ. നട. 19:18).

***പാപങ്ങൾ ഏറ്റുപറയണം എന്നാൽ, മനുഷ്യരോട് പാപങ്ങൾ ഏറ്റുപറയണമെന്ന് തിരുവചനം പറയുന്നുണ്ടോ?***

മനുഷ്യർ തമ്മിൽ തമ്മിൽ പാപങ്ങൾ

*(Continued on page 4)*

## STAFF

**Pastor, St. Mary's: Fr. Abraham Mutholathu Jacob**
5212W. Agatite Ave., Chicago, IL 60630.
(773) 412-6254 (cell) mutholath2000@yahoo.com
**Pastor, Sacred Heart: Fr. Saji Pinarkayil**
589 N. Willow Rd., Elmhurst, IL 60126.
224-659-6586 sajipinarkayil@gmail.com
***www.knanayaregion.us/chicago***

## FOR HALL BOOKINGS

Sacred Heart: Baby Karikkal 630-901-5499
St. Mary's: Polson Kulangara 847-207-1274

## FOR SACRISTANS

Sacred Heart: Binoy Kizhakkanadyil 312-513-2361
St. Mary's: Sr. Xavier S.V.M. 847-603-8881 (Convent)
For list of other volunteers / upcoming events, visit:
*www.knanayaregion.us/chicago/staff.htm*
*www.knanayaregion.us/chicago/calendar.htm*

## HOLY MASS

SUNDAY 10:00 A.M. at both churches.
5:30 P.M. at St. Mary's Church.
MONDAY - THURSDAY 7:00 P.M. at both churches.
FRIDAY 6:00 P.M. at St. Mary's & 7:00 P.M. at Sacred Heart.
SATURDAY 10:00 A.M. at both churches.

## RELIGIOUS EDUCATION

ON SUNDAYS 10:00 A.M. to 11:30 A.M. at both churches.

## ADORATION

First Fridays after Mass at both churches.
Every Saturday from 11:00 A.M. to 5:00 P.M. at St. Mary's.
Night Vigil at St. Mary's on Second Fridays from 6:00 P.M. to 1:00 A.M. with Holy mass at 6:00 P.M. and 11:30 P.M.
3rd Fridays at St. Mary's for children & youth at 6:45 P.M.
4th Fridays at Sacred Heart for children & youth at 7:45 P.M.

## NOVENAS

B.V. Mary after Saturday 10:00 A.M. Mass at both churches.
St. Jude on Thursdays at 7:00 P.M. at St. Mary's.
St. Michael 3rd Friday of the month after 7:00 P.M. Mass at Sacred Heart.
Novena of St. Anthony at Sacred Heart on Tuesdays after 7:00 P.M. Holy Mass.

## PRAYER GROUP

Sundays after 10:00 A.M. Mass at both churches.

## ROSARY

Mon. - Thurs. 6:30 P.M. & Friday at 5:30 P.M. at St. Mary's.

## ST. VINCENT DE PAUL SOCIETY

Sundays after 10:00 A.M. Mass at both churches.

## LEGION OF MARY

Every Saturdays after Mass at Sacred Heart.
Every Thursday after 7:00 P.M. Mass at St. Mary's.




July 2012

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | | | | |

### FRIDAY, JULY 6, 2012

Holy Mass at St. Mary's church at 6:00 P.M. and at Sacred Heart at 7:00 P.M.
First Friday Adoration at Sacred Heart by St. Alphonsa Koodara Yogam and at St. Mary's by St. Thomas Koodara Yogam after Holy Mass.

### SATURDAY, JULY 7, 2012

Holy Mass and Novena at Sacred Heart and St. Mary's at 10:00 A.M.

### SUNDAY, JULY 8, 2012

Holy Mass at 10:00 A.M. at both churches.
Feast Celebration of St. Thomas at Sacred Heart Church sponsored by Joby Oliyil.
Holy Mass at St. Mary's Church at 5:30 P.M.
Pilgrimage to Marian Centers in Europe ends today.

### MONDAY, JULY 9, 2012

Holy Mass at Sacred Heart & St. Mary's at 7:00 P.M.

### TUESDAY, JULY 10, 2012

Holy Mass at Sacred Heart & St. Mary's at 7:00 P.M.
Novena of St. Anthony at Sacred Heart after Holy Mass.

### WEDNESDAY, JULY 11, 2012

Feast of St. Benedict, patron of the Holy Father
Death Anniversary of Mar Charles Levenge (1913).
Holy Mass at Sacred Heart & St. Mary's at 7:00 P.M.

### THURSDAY, JULY 12, 2012

Holy Mass at Sacred Heart & St. Mary's at 7:00 P.M.
Novena of St. Jude at St. Mary's after Holy Mass.

### FRIDAY, JULY 13, 2012

Feast of 70 Disciples of Jesus
Holy Mass at St. Mary's church at 6:00 P.M. and at Sacred Heart at 7:00 P.M.
Night Vigil for Children, Youth and Adults at St. Mary's after 6:00 P.M. Holy Mass.
Seminar for children and youth at St. Mary's from 8:00 P.M.

### SATURDAY, JULY 14, 2012

Holy Mass and Novena at Sacred Heart and St. Mary's at 10:00 A.M.

### SUNDAY, JULY 15, 2012

SEASON OF KAITHA
Feast of 12 Apostles
Feast Day of St. Kuriakose
Holy Mass at 10:00 A.M. at both churches.
Holy Mass at St. Mary's Church at 5:30 P.M.
St. James Koodara Yogam at the house of Cisy Chaakkalackal, 9280 Dee Road, Des Plaines. 847-208-5578.

### MONDAY, JULY 16, 2012

Feast Day of Our Lady of Mount Carmel
Holy Mass at Sacred Heart & St. Mary's at 7:00 P.M.



# സജിയച്ചന്റെ സന്ദേശം

## അസൂയ ആളിപടർന്നാൽ

എന്റെ പ്രിയ സഹോദരങ്ങളേ,

അസൂയയുടെ വിഷവിത്ത് എവിടെ വിതയ്ക്കപ്പെടുന്നുണ്ടോ അവിടെ പടിപടിയായുള്ള നാശവും ആരംഭിച്ചിരിക്കും. നാശത്തെ ഗർഭം ധരിക്കുന്നത് അസൂയയാണ്. അസൂയയുടെ ജന്മാവകാശി സ്വാർത്ഥതയാണ്. സ്വാർത്ഥത എവിടെ ജനിക്കുന്നു? ഞാൻ ഭാവത്തിൽ. ഈ ഞാനെന്ന ഭാവം, സ്വാർത്ഥത, അസൂയ, നാശം ഇതാണ് വളർച്ചയുടെ പടവുകളിൽ മനുഷ്യന് തടസ്സമായി കടന്നുവരുന്നത്.

നീ സ്വാർത്ഥനാണോ? ആരോടെങ്കിലും ഈ ചോദ്യം ചോദിച്ചാൽ ഉടൻ തന്നെ മറുപടി തരും. "അതിനെക്കുറിച്ച് എനിക്ക് അറിഞ്ഞുകൂടാ." വിശുദ്ധ ഗ്രന്ഥത്തിൽ നടപടി പുസ്തകം 5:1-11ൽ പ്രതിപാദിക്കുന്നത് സ്വാർത്ഥതയ്ക്കു മൂർത്തീഭാവമായി മാറിയ ദമ്പതികളുടെ കഥയാണ്. അനനിയാസും സഫീറായും; രണ്ടുപേരും തങ്ങളുടെ സ്വത്ത് വിറ്റു. എന്നാൽ സ്വാർത്ഥതമൂലം തങ്ങൾ ചെയ്യുന്നത് മറ്റാരും കാണില്ല എന്ന കരുതി അല്പം പിടിച്ചുവച്ചു. മിച്ചമുള്ളത് പത്രോസിന്റെ സമക്ഷം ഹാജരാക്കി. അവരുടെ കള്ളത്തരത്തിലും സ്വാർത്ഥതയിലും ഞാൻ-ഭാവത്തിലും മനം നീറി പത്രോസ് പറഞ്ഞു: "പരിശുദ്ധാത്മാവിനെ വഞ്ചിക്കുന്ന നീ ഇനി ജീവിച്ചുകൂടാ." (5:3).

സ്വാർത്ഥത കടന്നുകൂടിയപ്പോൾ നല്ല ഉദ്ദേശത്തോടെ ചെയ്തതെല്ലാം നാശത്തിനും, അവഹേളനത്തിനും കാരണമായില്ലേ? സ്വാർത്ഥത എന്ന ദുർഭൂതം പിടികൂടിയ ഹേറോദിയ സ്നാപകന്റെ തല സലോമിയുടെ ജന്മദിനസമ്മാനമായി ഇരന്നു വാങ്ങി നാണംകെട്ടില്ലേ. നീയൊന്നു ചിന്തിച്ചേ? സ്വാർത്ഥനെയല്ലല്ലോ സ്നേഹിതനെയല്ലേ എല്ലാവരും ഇഷ്ടപ്പെടുന്നത്. നിന്റെ അമ്മ സ്വാർത്ഥമതിയായി, ഇപ്പോൾ ഈ കുട്ടിക്ക് ജന്മം കൊടുക്കണ്ട എന്നു കരുതിയിരുന്നുവെങ്കിൽ നിനക്ക് ജനിക്കുവാൻ സാധിക്കുമായിരുന്നോ? ഓർത്തോളൂ.... എപ്പോൾ സ്വാർത്ഥപരമായി നീ ചിന്തിക്കാൻ തുടങ്ങുന്നോ അപ്പോൾതന്നെ നീ കൂട്ടരിൽ നിന്നും അകന്നു തുടങ്ങും . യൂദാസിന്റെ അകല്ച്ചയും തകർച്ചയും നമുക്കു പാഠമാകട്ടെ.

അസൂയ വളർച്ച മുരടിപ്പിക്കും. മുരടിച്ചു നില്ക്കുന്നതിനെ മുറിച്ചു മാറ്റിയേതീരു. മറ്റുള്ളവന്റെ വളർച്ച നിന്റെ അസൂയമൂലം മുരടിച്ചാൽ, അവൻ മുറിച്ചുമാറ്റപ്പെടുന്ന അവസ്ഥയിൽ എത്തിയാൽ അതിന്റെ ഉത്തരവാദിത്വം നിനക്കായിരിക്കില്ലേ? നീ വളർത്തുന്നവനാണോ? അതോ സ്വയം വളരാൻ മറ്റുള്ളവരുടെ വളർച്ചയ്ക്കു കത്തിവയ്ക്കുന്നവനാണോ?

ദീർഘനാളത്തെ ശ്രമഫലമായി വളർന്നുവന്ന വാഴ മുരടിച്ചു വരുന്നതുകണ്ട കൃഷിക്കാരന്റെ മനസ്സിലും മുരടിപ്പ്ബാധിച്ചു. ഒരുനാൾ നിലം പാഴാക്കുന്ന വാഴ വെട്ടിമാറ്റി പകരം വേറൊന്നു നടാൻ ശ്രമിച്ച കൃഷിക്കാരന്റെ ഹൃദയം പിളർക്കുന്ന കാഴ്ചയാണ് അദ്ദേഹത്തെ സ്വാഗതം ചെയ്തത്. അത് എന്തെന്നോ? അയൽവാസി അസൂയമൂത്ത് വാഴയ്ക്കുള്ളിൽ "ആപ്പ്" അടിച്ചുകയറ്റിയതാണ് ഈ വളർച്ച മുരടിക്കലിന്റെ കാരണം. ഇത്തരക്കാരനെ എന്തു വിളിക്കണം? നിനക്ക് തീരുമാനിക്കാം. സ്വാതന്ത്ര്യം നിന്റേതുമാത്രം. പക്ഷെ ഒന്നു ചിന്തിക്കണം: നീ ഇടുന്ന പേരുകൾ നിനക്ക് തന്നെ തിരിച്ചു ലഭിക്കരുത്.

അസൂയ ആപല്ക്കരമാണ്. വളർച്ചയുടെ നാളുകളിൽ നിന്നെ ആരെങ്കിലും തടഞ്ഞതിന്റെ മുറിവുകളായിരിക്കാം അറിയാതെ മറ്റുള്ളവന്റെ തളർച്ചയ്ക്കു നിന്നെ കാരണമാക്കുന്നത്. അതിനെ ഉത്സാഹത്തോടെ തിരിച്ചറിഞ്ഞ്, ആളിപടരാതെ അമർത്തി ഇല്ലായ്മ ചെയ്യാൻ നീ പരിശ്രമിക്കണം.

ലോകം ഇന്ന് സ്വപ്നം കാണുന്നതും ആഗ്രഹിക്കുന്നതും സ്വാർത്ഥമതികളെയോ അസൂയക്കാരെയോ അല്ല മറിച്ച് വമ്പൻ കുതിപ്പിന് കാരണക്കാരാകുന്നവരെയാണ്. നാളെ അവനെ നോക്കി അഭിമാനത്തോടെ അവനെ ഞാൻ വളർത്തിയതാ എന്നു പറയുന്നതാണ് അവനെ ഞാൻ തളർത്തിയതാണ് എന്നു ഉള്ളിൽ പിറുപിറുക്കുന്നതിനെക്കാൾ നല്ലത്. നിന്റെ വളർച്ച പലരും സ്വാർത്ഥമായി ചിന്തിക്കാതെ ആത്മാർത്ഥമായി ആഗ്രഹിച്ചതുകൊണ്ടാണെങ്കിൽ നീയും അതേ ആത്മാർത്ഥതയോടെ ആഗ്രഹിക്കാൻ കടപ്പെട്ടിരിക്കുന്നു. ഈ ലോകം ചവിട്ടി താഴ്ത്തപ്പെടുന്ന മാവേലിമാരുടേതാവരുത്. ഓരോ അടിയും വളർച്ചയുടെ പാഠമാവട്ടെ.

ഒത്തിരി സ്നേഹത്തോടെ,
ഫാ. സജി പിണർകയിൽ

## നുറുങ്ങുവെട്ടം

**അസൂയയ്ക്കും കഷണ്ടിയ്ക്കും മരുന്നില്ല; എന്നാൽ പരിഹാരമുണ്ട്**






*(Continued from page 1)*

ഏറ്റുപറയണം. "നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ" (യാക്കോ 5:16). ആത്മീയ മാനസിക ശാരീരിക സൗഖ്യം പ്രാപിക്കാൻ പരസ്പരം പാപങ്ങൾ ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കണം. പരസ്പരം എന്നാൽ തമ്മിൽത്തമ്മിൽ എന്നർത്ഥം. മനുഷ്യർ മനുഷ്യരോട് പാപങ്ങളേറ്റു പറയണം എന്നു വ്യക്തം.

### *മനുഷ്യർ മനുഷ്യരോട് പാപങ്ങൾ ഏറ്റുപറയണമെങ്കിൽ ആര് ആരോടാണ് ഏറ്റുപറയേണ്ടത്?*

ഒന്നുകിൽ ശ്രേഷ്ഠനും വിശ്വാസികളും ഒന്നിച്ചുകൂടിയിരിക്കുന്ന കൂട്ടായ്മയിൽ; അല്ലെങ്കിൽ ആർക്കെതിരെ പാപം ചെയ്തുവോ ആ വ്യക്തിയോട് നേരിട്ട് ഏറ്റുപറയണം. ആർക്ക് എതിരെ പാപങ്ങൾ ചെയ്തുവോ ആ വ്യക്തിയോട് നേരിട്ട് പാപങ്ങൾ ഏറ്റുപറയുക പലപ്പോഴും അപ്രായോഗികമാണ്, കൂടാതെ, പക്വതയില്ലാത്തവനോടാണ് പോയി അവനെതിരെ ചെയ്ത് പാപങ്ങൾ ഏറ്റുപറയുന്നതെങ്കിൽ ഉടനടി വലിയശിക്ഷ ലഭിക്കുകയും ചെയ്യും. അത് നന്മയെക്കാൾ കൂടുതൽ തിന്മയ്ക്ക് കാരണമാകാം, പാപമോചനം ലഭിക്കാതെ തന്നെ ശിക്ഷയനുഭവിക്കേണ്ടിയും വന്നേക്കാം.

### *തെറ്റുചെയ്തവനോടല്ലേ പാപങ്ങൾ നാം ഏറ്റുപറയേണ്ടത്?*

വളരെ വൈഷമ്യങ്ങൾ ഈ പ്രവൃത്തിയിലുണ്ട്. ഉദാഹരണമായി, ഒരു കുഞ്ഞിനെതിരെ പാപം ചെയ്താൽ ആ കുഞ്ഞിനോട് പോയി പറഞ്ഞാൽ അതിന് മനസ്സിലാകുമോ? അപ്പോൾ മാതാപിതാക്കളോട് പറയണം. ബുദ്ധിമാന്ദ്യം സംഭവിച്ച ഒരാൾക്കെതിരെ പാപം ചെയ്താലോ? രക്ഷകർത്താവിനോട് പറയണം. അമേരിക്കയിൽ താമസിച്ച് ജോലിചെയ്തിരുന്ന കാലത്ത് ഒരാൾക്കെതിരെ തിന്മചെയ്തു. ജോലിനിർത്തി തിരിച്ച് നാട്ടിലെത്തിക്കഴിഞ്ഞ് പാപങ്ങളുടെ മാരകാവസ്ഥ ബോദ്ധ്യമായി. ജോലി നിർത്തി തിരിച്ചുവന്നതുകൊണ്ട് വീണ്ടും അമേരിക്കയിൽ പോവുക സാധ്യമല്ല. ആ മാരകപാപങ്ങൾ ആരോട് ഏറ്റുപറയും? ഭാര്യയ്ക്കെതിരെ/ഭർത്താവിനെതിരെ പാപം ചെയ്തു. ഭാര്യയോട്/ഭർത്താവിനോട് ഏറ്റുപറഞ്ഞാൽ ഭാര്യ/ഭർത്താവ് ക്ഷമിച്ചില്ലെങ്കിലോ? മുതലാളി തൊഴിലാളിക്കെതിരെ അല്ലെങ്കിൽ തൊഴിലാളി മുതലാളിക്കെതിരെ തെറ്റുകൾ ചെയ്തശേഷം നേരിൽ പറയുമോ? അതിനാൽ, ആർക്കെതിരെ പാപം ചെയ്തുവോ ആ വ്യക്തിയോടുതന്നെ നേരിട്ട് പാപങ്ങളേറ്റുപറയുക. അപ്രായോഗികമാണ്.

### *ആദ്യമസഭയിൽ ഇങ്ങനെ മനുഷ്യർ പരസ്പരം പാപങ്ങൾ ഏറ്റുപറയുന്ന ശൈലി ഉണ്ടായിരുന്നോ?*

സഭാശ്രേഷ്ഠന്റെയും വിശ്വാസികളുടെയും സമൂഹത്തിൽ പരസ്യമായി പാപങ്ങൾ ഏറ്റുപറയുക എന്ന ശൈലിയാണ് ആദിമസഭയിൽ നിലനിന്നിരുന്നത്. "കൂടാതെ, വിശ്വാസം സ്വീകരിച്ച പലരും വന്ന് തങ്ങളുടെ ദുർനടപടികൾ ഏറ്റുപറഞ്ഞ് കുറ്റം സമ്മതിച്ചു"(നട. 19:18-19).

സഭാസമൂഹത്തിൽ ശ്രേഷ്ഠന്റെ സാന്നിദ്ധ്യത്തിൽ വിശ്വാസികൾ തങ്ങളുടെ പാപങ്ങൾ സത്യസന്ധമായി ഏറ്റുപറയുകയും ശ്രേഷ്ഠൻ പ്രായശ്ചിത്തം നിശ്ചയിച്ച് നല്കുകയും ചെയ്യുന്നു. പ്രായശ്ചിത്തം നിറവേറ്റിക്കഴിയുമ്പോൾ ശ്രേഷ്ഠൻ പാപമോചനം നല്കിയിരുന്നു. ക്രിസ്തീയ ചരിത്രം ഇത് സാക്ഷ്യപ്പെടുത്തുന്നു. മാരകപാപങ്ങൾക്ക് വലിയ പ്രായശ്ചിത്തം നല്കുക പതിവായിരുന്നു. വിശ്വാസികളുടെ എണ്ണം വർദ്ധിച്ചപ്പോൾ, വിശ്വാസ തീക്ഷ്ണത

*(Continued on page 5)*

*(Continued from page 4)*

കുറഞ്ഞപ്പോൾ ഈ ഏറ്റുപറച്ചിൽ രീതിയിൽ പ്രശ്നങ്ങളുണ്ടായി. അങ്ങനെ, കാലക്രമത്തിൽ ശ്രേഷ്ഠരുടെ അടുക്കൽ ചെന്ന് രഹസ്യമായി പാപങ്ങളേറ്റുപറഞ്ഞ് പ്രായശ്ചിത്തവും പാപമോചനവും നേടുന്ന രീതി നിലവിൽവന്നു. സമൂഹത്തിൽ പരസ്യമായി പാപങ്ങളേറ്റുപറഞ്ഞിരുന്ന കാലത്തും ശ്രേഷ്ഠനാണ് പ്രായശ്ചിത്തം കല്പിക്കുകയും പാപമോചനം നല്കുകയും ചെയ്തിരുന്നത്. ഈ രീതിയാണ് ഇന്ന് കത്തോലിക്കാ സഭയിൽ നിലനില്ക്കുന്ന അനുരഞ്ജന കൂദാശയായ വ്യക്തിഗത കുമ്പസാരം.

### *മനുഷ്യർ തമ്മിൽ തമ്മിൽ പാപങ്ങളേറ്റുപറയണം. എന്നാൽ, എന്തുകൊണ്ട് വൈദികരോട് (ശ്രേഷ്ഠനോട്) പാപങ്ങളേറ്റുപറയണം?*

ഇതിനുള്ള ഉത്തരത്തിന്റെ ആരംഭമായി ആരാണ് പുരോഹിതൻ എന്ന് വചനത്തിൽ നിന്ന് ഗ്രഹിക്കണം. "ജനങ്ങളിൽനിന്ന് ജനങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കപ്പെടുന്ന പ്രധാന പുരോഹിതൻ, ദൈവിക കാര്യങ്ങൾക്ക് നിയോഗിക്കപ്പെടുന്നത് പാപപരിഹാരത്തിനായി ബലികളും കാഴ്ചകളും അർപ്പിക്കാനാണ്" (ഹെബ്രൃ. 5:1). വൈദികരെ തെരഞ്ഞെടുക്കുന്നത് മനുഷ്യരല്ല, മറിച്ച്, ദൈവം ആണ്. "നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണു ചെയ്തത്" (യോഹ. 15:16). "അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയല്ല" (ഹെബ്രൃ. 5:4). ദൈവജനത്തിൽനിന്ന് ദൈവജനത്തിനു വേണ്ടി ദൈവം തെരഞ്ഞെടുത്ത് നിയോഗിക്കുന്നതിനാൽ വൈദികൻ ദൈവത്തിന്റെയും ദൈവജനത്തിന്റെയും പ്രതിനിധിയാണ്.

### *സകല പാപങ്ങളും പുരോഹിതനോട് ഏറ്റുപറയാമോ?*

മനുഷ്യജീവിതത്തിലെ എല്ലാ പാപങ്ങളും മൂന്നു തലങ്ങളിലാണ് സംഭവിക്കുന്നത്. ദൈവത്തിനെതിരായ പാപങ്ങൾ, സഹോദരങ്ങൾക്ക് (മറ്റുള്ളവർക്ക്) എതിരായ പാപങ്ങൾ, എനിക്കുതന്നെ എതിരായി ചെയ്യുന്ന പാപങ്ങൾ. ഈ മൂന്ന് തലങ്ങളിലെ പാപങ്ങളും ഒരുപോലെ വൈദികനോട് ഏറ്റുപറയാം. വൈദികൻ ദൈവത്തിന്റെ പ്രതിനിധിയാകയാൽ ദൈവത്തിനെതിരെ ചെയ്തുപോയ പാപങ്ങളും, ദൈവജനത്തിന്റെ (സർവ്വമനുഷ്യരുടേയും) പ്രതിനിധിയാകയാൽ മറ്റുമനുഷ്യർക്കെതിരെ ചെയ്ത പാപങ്ങളും എന്റെ തന്നെപ്രതിനിധിയായതിനാൽ എനിക്കെതിരെ ചെയ്ത ഏറ്റവും സ്വകാര്യ പാപങ്ങളും വൈദികനോട് ഏറ്റുപറയാം. അങ്ങനെ ചെയ്യുമ്പോൾ തമ്മിൽത്തമ്മിൽ പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ എന്ന തിരുവചനം പാലിക്കുകയും ആത്മീയ - മാനസിക - ശാരീരിക സൗഖ്യം പ്രാപിക്കുകയും ചെയ്യും.

### *പാപം മോചിക്കാൻ ദൈവത്തിനു മാത്രമേ അധികാരമുള്ളു. പിന്നെന്തുകൊണ്ട്, വൈദികരോട് പാപങ്ങളേറ്റുപറയണം?*

പാപം മോചിക്കാനുള്ള അധികാരം ദൈവത്തിനുമാത്രമേയുള്ളുവെന്നത് പരിപൂർണ്ണ സത്യമാണ്. എന്നാൽ, ദൈവത്തിന് സ്വന്തമായത് തനിക്കിഷ്ടമുള്ളവർക്ക് നല്കാമല്ലോ. ഉദാഹരണമായി, ഞാനെഴുതാനുപയോഗിക്കുന്ന പേന ഞാൻ വിലകൊടുത്തു വാങ്ങിയതാണ്. അതിപ്പോൾ എന്റേതാണ്, എന്റേതു മാത്രം. ഇക്കാര്യത്തിൽ ആർക്കും ഒരു സംശയവുമില്ല. പരിപൂർണ്ണമായി എന്റെ സ്വന്തമായിരിക്കുന്ന പേന എനിക്കിഷ്ടമുള്ള ആളിന്, ഞാൻ തിരഞ്ഞെടുക്കുന്ന ആൾക്ക് നല്കാമല്ലോ. ഞാൻ കൊടുത്തു കഴിഞ്ഞാൽ പേന അവന്റേതാകും. അതുപോലെ ദൈവത്തിന്റേതു മാത്രമായിരിക്കുന്ന പാപമോചനാധികാരം ദൈവം തനിക്കിഷ്ടമുള്ളവർക്ക്, ജനത്തിൽനിന്ന് താൻ തിരഞ്ഞെടുത്തവർക്ക് നല്കി എന്ന പരമസത്യം തിരുവചനം വ്യക്തമാക്കുന്നു. "ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധ റൂഹായെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ. 20:22-23). "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും" (മത്താ. 18:18). കർത്താവായ ഇശോയിൽ വിശ്വസിക്കുന്നവർ പാപത്തിൽ വീണുപോയാൽ അവർക്ക് പാപമോചനം നല്കി വിശുദ്ധീകരിച്ച്, വിശുദ്ധരായി ജീവിക്കാൻ അവരെ സഹായിക്കുന്നതിന് ദൈവം താൻ തിരഞ്ഞെടുത്തവർക്ക് പാപമോചനാധികാരം ദാനമായി നല്കി. അവരുടെ കൈവയ്പുവഴി അവരുടെ പിൻഗാമികൾക്കും ഈ അധികാരം ലഭിക്കുന്നു. അതുകൊണ്ടാണ് മെത്രാന്മാരും വൈദികരും തങ്ങൾക്ക് ലഭിച്ചിരിക്കുന്ന ദൈവികാധികാരം ഉപയോഗിച്ച് പാപങ്ങൾ മോചിക്കുന്നത്. അവർ പാപം മോചിക്കുമ്പോൾ സ്വർഗത്തിലും ഭൂമിയിലും അവ ക്ഷമിക്കപ്പെടുന്നു.

### *ദൈവം മനുഷ്യന് പാപമോചനാധികാരം നല്കിയിരിക്കുന്നുവെങ്കിലും ദൈവത്തോട് നേരിട്ട് പറഞ്ഞാൽ പോരേ?*

പോരാ. കാരണം, ദൈവം അധികാരം നല്കിയിരിക്കുന്നത് ഉപയോഗിക്കുന്നതിനും അതിലൂടെ ദൈവഹിതം നിറവേറ്റി അനുഗ്രഹീതരാകുന്നതിനും വേണ്ടിയാണ്. ഉദാഹരണത്തിന്, സൃഷ്ടികർമ്മം സൃഷ്ടാവായ ദൈവത്തിന്റേതു മാത്രമാണ്. എന്നാൽ, മനുഷ്യക്കുഞ്ഞിന് ജന്മം നല്കാനുള്ള കഴിവ് (അധികാരം) ദൈവം മനുഷ്യന് നല്കി. എങ്കിലും ദൈവത്തിന് പുതിയ കുഞ്ഞിനെ സൃഷ്ടിക്കാനാവില്ലേ? സൃഷ്ടിക്കാനാവും. എന്നാൽ, ദൈവം സാധാരണയായി സ്വതന്ത്രമായി സൃഷ്ടിക്കാറില്ല. കാരണം, മനുഷ്യസൃഷ്ടികർമ്മത്തിൽ പങ്കുചേരാനുള്ള അധികാരം മനുഷ്യർക്ക് നല്കിയിരിക്കുന്നതുകൊണ്ടുതന്നെ. ഒരു സ്ത്രീ പുരുഷനുമായി ബന്ധപ്പെടാതെ, പുരുഷബീജം കൂടാതെ പ്രസവിക്കണമെന്ന് വാശിപിടിച്ചാൽ നടക്കുമോ? സ്ത്രീ സഹകരിക്കാതെ പുരുഷന് അപ്പനാകാൻ സാധിക്കുമോ? പുരുഷസഹകരണം കൂടാതെ സ്ത്രീക്ക് അമ്മയാകാനാവുമോ? സ്ത്രീപുരുഷ ബന്ധത്തിലൂടെ കുഞ്ഞുങ്ങൾക്ക് ജന്മം നല്കണമെന്നത് ദൈവനിശ്ചയവും ദൈവത്തിന്റെ പദ്ധതിയുമാണ്. ഈ പദ്ധതിയെ ചോദ്യം ചെയ്യുന്നവർക്കും എതിർത്തു ജീവിക്കുന്നവർക്കും മാതാപിതാക്കളാകാനാവില്ല. എന്നാൽ, ഈ ദൈവികപദ്ധതി സ്വീകരിക്കുന്നവർക്ക് മാതാപിതാക്കളാകാം. അതുപോലെ പാപമോചനാധികാരം ദൈവം താൻ തിരഞ്ഞെടുത്തവർക്ക് നല്കിയിരിക്കുന്നത് എല്ലാ മനുഷ്യരുടെയും എല്ലാവിധ പാപങ്ങളും മോചിക്കപ്പെടുന്നതിനു വേണ്ടിയാണ്. വിശ്വാസത്തോടുകൂടി അനുരഞ്ജന കൂദാശ സ്വീകരിക്കുന്നവർ പാപമോചനം നേടി വിശുദ്ധരാകുന്നു. നിഷേധിക്കുന്നവർ പാപബന്ധനത്തിൽ സാത്താനോടൊപ്പം കൂടി ദൈവിക പദ്ധതിക്കെതിരെ പ്രവർത്തിക്കുന്നു.

(തുടരും ...)

# Knanaya Cemetery Shrine at Maryhill in Progress







The installation of the shrine at the Knanaya Catholic Parish section of Maryhill Cemetery will be done soon and the blessing of the shrine will take place on Sunday, July 22, 2012 at 11:45 A.M. The shrine is two sided with the image of Resurrection of Jesus Christ on one side and the pieta on the other side. The graveside service before the burial will be held in from of this shrine for the parishioners will be using this section of the cemetery.

# ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കാത്തലിക് ദൈവാലയത്തിൽ

# പരിശുദ്ധ മാതാവിന്റെ ദർശന തിരുന്നാൾ മഹോത്സവം

2012 ആഗസ്റ്റ് 10,11, 12 (വെള്ളി, ശനി, ഞായർ) തീയതികളിൽ

**ആഗസ്റ്റ് 10, വെള്ളി വൈകുന്നേരം 6:30 മുതൽ**

പ്രസുദേന്തിമാർ സ്പോൺസർ ചെയ്യുന്ന

**പുതിയ കൊടിമരത്തിന്റെ വെഞ്ചരിപ്പ്**

പതാക ഉയർത്തൽ, ലദീഞ്ഞ്, പാട്ടുകുർബ്ബാന

മുഖ്യ കാർമ്മികൻ: **മാർ ജേക്കബ് അങ്ങാടിയാത്ത്**

പ്രസംഗം: **റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്**

(രൂപതാ ചാൻസലർ)

St. Mary's Youth & Children Choir

സെന്റ് മേരീസ് മിനിസ്ട്രികൾ അവതരിപ്പിക്കുന്ന

**കലാസന്ധ്യ**

**ആഗസ്റ്റ് 11, ശനി വൈകുന്നേരം 5:00 മുതൽ**

**പ്രസുദേന്തി വാഴ്ച**

ലദീഞ്ഞ്, പാട്ടുകുർബ്ബാന, നിത്യസഹായ മാതാവിന്റെ നൊവേന

കാർമ്മികൻ: **റവ. ഫാ. സജി പിണർകയിൽ**

പ്രസംഗം: **റവ. ഫാ. ജോയി ആലപ്പാട്ട്**

(കത്തീഡ്രൽ വികാരി)

Sacred Heart Church Choir

**കപ്ലോൻ വാഴ്ച**

സേക്രഡ് ഹാർട്ട്, സെന്റ് മേരീസ് കൂടാരയോഗങ്ങൾ

അവതരിപ്പിക്കുന്ന **കലാസന്ധ്യ**

**ആഗസ്റ്റ് 12, ഞായർ രാവിലെ 10:00 മുതൽ**

ലദീഞ്ഞ്, തിരുന്നാൾ കുർബ്ബാന

കാർമ്മികൻ: **റവ. ഫാ. സിജു മുടക്കോടിൽ**

പ്രസംഗം: **റവ. ഫാ. റെന്നി കട്ടേൽ**

St. Mary's Church Choir

വാദ്യമേളങ്ങളോടുകൂടിയ

**ആഘോഷമായ തിരുന്നാൾ പ്രദക്ഷിണം**



അടിമ വയ്ക്കൽ, ലേലം

**പ്രസുദേന്തിമാർ:**
**ഫ്രാൻസീസ് കിഴക്കേക്കുറ്റ്,**
**ജോസ് പിണർകയിൽ**
**രാജു നെടിയകാലായിൽ,**
**ജെയ്ബു കുളങ്ങര**
**ജെയിംസ്**
**തിരുനെല്ലിപ്പറമ്പിൽ,**
**ഷാജി എടാട്ട്**

| READINGS & READERS | ശ്ലീഹാക്കാലം (Seventh Sunday of Apostles) | | |
|---|---|---|---|
| **JULY 8** | **READINGS** | **SACRED HEART 10:00 A.M.** | **ST. MARY'S 10:00 A.M.** |
| FIRST | Deut 4:10-14 | Gracy Vachachira | Lissy Mullappally |
| SECOND | 1 Cor 15:58-16:4 | Anupama Puthenpurayil | Diana Kulangara |
| GOSPEL | Luke 13:22-30 | Enter through the narrow door | |

| READINGS & READERS | കൈത്താക്കാലം (First Sunday of Kaitha) | | |
|---|---|---|---|
| **JULY 15** | **READINGS** | **SACRED HEART 10:00 A.M.** | **ST. MARY'S 10:00 A.M.** |
| FIRST | 1 Kings 18:30-39 | Suja Ethithara | Elsamma Poozhikunnel |
| SECOND | Act 5:12-32 | Alexander Mutholam | Shawn Tharathattel |
| GOSPEL | Luke 14:7-14 | The mentality of the disciples | |




Dens Philip Vazhayil son of Chacko and Annama from Vazhayil family (Veliyanad) now living in Hagen, Germany with Lisa Philips Kunnacherril d/o of Philip and Thresiamma from Kunnacherril family (Kaduthuruthy) from St. Mary's Knanaya Catholic Parish, Chicago to be held on August 11, 2012. (3/3).



## സോഫിയ പിൽഗ്രിമേജ്
ഗ്വാഡലുപ്പെ തീർത്ഥാടനം

SHALOM MEDIA USA

പരിശുദ്ധ ദൈവമാതാവ് പ്രത്യക്ഷപ്പെട്ട
മെക്സിക്കോയിലെ ഗ്വാഡലുപ്പെയിലേക്ക്
എല്ലാ മാസവും നാല് ദിവസം
നീണ്ടുനിൽക്കുന്ന തീർത്ഥാടനം

കൂടുതൽ വിവരങ്ങൾക്ക്
Ph: 956-739-6448, E-mail: info@sophiabooks.us



*Your Call is Always Welcome*

## Attorney Steve Crifase

Ph.: 312-855-0511
Fax: 312-855-0537
8 South Michigan, Suite 2000,
Chicago, Illinois 60603

*Dupage County Office and Home Visits Available*

SERVING THE MALAYALEE COMMUNITY SINCE 1982

- Personal Injury
- Wrongful Death
- Medical Negligence
- Car Accidents
- Slip and Fall
- Work Injuries

വരൂ ആസ്വദിക്കൂ...
മലയാളികളുടെ സ്വന്തം സ്വാദിൽ
പാകം ചെയ്യുന്ന ഒരേയൊരു സ്ഥാപനം

വിവാഹം, ആദ്യകുർബാന, മാമോദീസ...
ആഘോഷങ്ങൾ ഏതുമാകട്ടെ...

## Elite Catering & Carry Outs

5555 St. Charles Road, Unit G, Berkeley, IL 60163.
Office: (708) 544-2000 Mani: (630) 205-3437 - Johny Elenjical: (773) 383-9751
Babu Valiaparambil: (708) 717-0795 - Benny Parackal: (630) 306-3771

## Hi5 POWER WASH
SERVING CHICAGO AND SUBURBS

TELES
Power Wash Operator

It is the Chicago Law to do Power Wash at every Gas Stations Twice in a year

## DEMPSTER & OZARK SHELL
7736 W. DEMPSTER, MORTON GROVE, IL
TEL: 847-966-7200, CELL 312 560 1600

ALEX, Chief Mechanic — LUKACHEN, Chief Mechanic — RENE, Asst. Technician

Good News: We Open Sundays
Sunday: 10am - 4pm
Monday to Saturday: 8am - 7pm
We do: All Mechanical, Electrical & Body Works
We will beat any competitive price

Shell

WE DO: TOWING, LOCKOUTS, JUMPSTARTS, TIRE CHANGE, BATTERY CHANGE etc.

Bring this Coupon
10th ANNIVERSARY SPECIAL
Oil Change $ 14.99
Most Cars
(with Premium Oil)

***Family Focus's Confidential Helpline:***
***1-888-417-8222***
**Or**
**Familyfocus10@gmail.com**

## ROYAL TRAVEL SERVICE

3423 W. LAWRENCE AVE, ROOM #5, CHICAGO, IL 60625
TEL: (773) 509-9600, CELL: (773) 456-4564
*KUWAIT AIRWAYS * AIR INDIA * MALAYSIAN
* SWISS AIR * BRITISH AIRWAYS * LUFTHANSA
AIR FRANCE * KLM * SINGAPORE AIR* ETIHAD ETC.,

**YOUR KNANAYA TRAVEL AGENCY**

CONTACT: JOSE KORATTIYIL & JAY KALAYIL.

Your Rehab Specialists

**Pro-Rehab Services, P.C.**
&
**Choicecare Home Health, Inc.**

Palos Heights and Tinley Park
(708) 489 6PRS or (708) 489-0123 www.pro-rehabservices.com
www.choicecarehh.com

Best Compliments from the Mutholath Family

## Niles Medical Imaging

ADVANCED IMAGING SPECIALISTS, INC.

**Gigi Nellamattam**
Managing Partner

8618 W. Golf Rd
Niles, IL 60714

Tel: 847-824-2628
Fax: 847-824-4157
nationalmedicalimaging@comcast.net

## Knanaya Region E-Newsletter & Blog

www.knanayaregion/knanayamedia.htm

http://knanayamedia.blogspot.com




Gasoline distribution throughout Midwest
***Your KNANAYA Gasoline Jobber***
**Gas Depot Oil Co.**
IL 60053
847-581-0303 (Off)
847-581-0309 (Fax)
**www.gasdepot.com**

CLARK — Shell — Gas DEPOT — MARATHON — CITGO



## Jaibu Mathew, E.A.
ENROLLED TO PRACTICE BEFORE IRS

7215 W. Touhy, Suite 5,
Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com
* Free Electronic Filing *
* Refund in 24 Hours *

FOR ALL YOUR PERSONAL AND BUSINESS TAX SERVICES



TOMY NELLAMATTAM
619 N. Milwaukee Ave., Suite 25
Glenview, IL 60025.
847-486-4112 (Off)
847-302-8556 (Cell)
847-724-3247 (Fax)




**For All Your Tax Services**
**Free Electronic Filing & Fast Refund**

**Sabu Madathiparambil**
**Cell: 847-276-7354**
**Off: 847-655-7472**

**1600 W. Dempster St., Suite 205**
(Opp. to Lutheran General Hospital)
**Park Ridge, IL 60068**
**sabuaphilip@hotmail.com**

